Mathrubhumi
മാതൃഭൂമി

# 1200 പേരുടെ
# പ്രിയപ്പെട്ട അമ്മ



▶ പ്രസന്ന രാജൻ ഗാന്ധിഭവനിലെ അന്തേവാസികൾക്കൊപ്പം

**കലഞ്ഞൂർ** ▸ പ്രസന്ന രാജൻ അമലിന്റെയും അമിതയുടെയും മാത്രം അമ്മയല്ല, 1200 ആളുകളുടെ പ്രിയപ്പെട്ട അമ്മയാണ്. കലഞ്ഞൂർ പാടം ശ്രീനാരായണഗിരി വീട്ടിൽനിന്ന് മാറി ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ ജീവകാരുണ്യകുടുംബത്തിലെ അമ്മയായാണ് പ്രസന്ന രാജൻ അറിയപ്പെടുന്നത്.

പത്തനാപുരം ഗാന്ധിഭവൻ സ്ഥാപകനായ പുനലൂർ സോമരാജന്റെ ഭാര്യയും സ്ഥാപനത്തിന്റെ ട്രസ്റ്റിയുമായ പ്രസന്ന രാജനാണ് ഗാന്ധിഭവനിലെ സ്ത്രീകളുടെയും കുട്ടികളുടെയും എല്ലാ കാര്യങ്ങളും നോക്കി നടത്തുന്നത്.

2002-ൽ പാടത്ത് താമസിക്കുമ്പോഴാണ് പത്തനാപുരത്ത് ആരോരുമില്ലാത്ത ഒരു വയോധികയെ സംരക്ഷണമേകുന്നതിന് പുനലൂർ സോമരാജൻ ഒരു വീട് വാടകയ്ക്ക് എടുത്തത്. അവിടെ അന്തേവാസികളുടെ എണ്ണം കൂടാൻ തുടങ്ങിയപ്പോഴും വാടകവീട് പ്രശ്നമായതിനാലും പ്രസന്ന രാജനും മകൻ അമൽരാജും നൽകിയ പിന്തുണയിലാണ് ഗാന്ധിഭവൻ സ്വന്തമായ സ്ഥലത്ത് തുടങ്ങിയത്.



പ്രസന്ന രാജൻ

അന്നുമുതൽ കഴിഞ്ഞ 17 വർഷമായി പ്രസന്ന രാജനാണ് ഈ അഭയകേന്ദ്രത്തിലെ പ്രിയപ്പെട്ട അമ്മച്ചി. വെളുപ്പിന് ഇവിടുത്തെ 1200 അന്തേവാസികൾക്കും മറ്റ് മൂന്നൂറിലേറെ ആളുകൾക്ക് പ്രഭാതഭക്ഷണം ഉണ്ടാക്കുന്നതുമുതൽ ഈ അമ്മയുടെ ദിനചര്യകൾ ആരംഭിക്കും.

പിന്നീട് രാത്രി 12വരെ ഗാന്ധിഭവനിലെ ഉറക്കമില്ലാത്ത അടുക്കളയുടെ ചുമതല.

ഒപ്പം ഇവിടുത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ചുമതല. ഇതിനിടയിൽ ആരോരുമില്ലാത്ത 35 മക്കളുടെ കല്യാണവും അമ്മയായിനിന്ന് നടത്തി.

മകൾ അമിതയുടെ കല്യാണത്തിന് ഒപ്പവും രണ്ട് പെൺകുട്ടികളുടെ കല്യാണവും അതേ വേദിയിൽ നടത്തിയ ഈ അമ്മയ്ക്ക് ഇപ്പോൾ സമയമാണ് പ്രശ്നം. ഗാന്ധിഭവൻ അങ്കണത്തിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ ഗാന്ധിപ്രതിമയ്ക്ക് സമീപത്തുള്ള കുടിൽ എന്ന ഒറ്റമുറിയിലാണ് ഗാന്ധിഭവന്റെ സ്ഥാപകനായ ഭർത്താവ് പുനലൂർ സോമരാജനൊപ്പം പ്രസന്ന രാജൻ കഴിയുന്നത്.

ജീവകാരുണ്യരംഗത്ത് ഗാന്ധിഭവൻ ആസൂത്രണം ചെയ്യുന്ന എല്ലാ പരിപാടികളുടെയും പിന്നണിയിൽ പ്രസന്നയുടെ സാന്നിധ്യം ഉണ്ടാകും.